**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4800 27/06/2014-ൽ മറുപടിയ്ക്ക്

# തെങ്ങുകൃഷിയിൽ ശാസ്ത്രീയമായ പരിഷ്ക്കാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>,, സി. മോയിൻകുട്ടി<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, റ്റി. എ. അഹമ്മദ് കബീർ | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും**<br>അച്ചടിയും സ്റ്റേഷനറിയും<br>**വകുപ്പു മന്ത്രി)** |
| എ) പരമ്പരാഗത തെങ്ങുകൃഷി മാറിയ സാഹചര്യത്തിൽ ശാസ്ത്രീയമായ പരിഷ്ക്കാരങ്ങൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ: | എ) ശാസ്ത്രീയ തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. നാളികേര വികസന പദ്ധതിയുടെ ഭാഗമായി തെങ്ങിൻ തോട്ടങ്ങളിൽ ശാസ്ത്രീയ വളപ്രയോഗം, സസ്യസംരക്ഷണം, തടംതുറക്കൽ, ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, രോഗബാധിതമായ തെങ്ങുകൾ മുറിച്ചുമാറ്റൽ, പുതിയ തെങ്ങിൻ തൈ നടീൽ, തെങ്ങ് കയറ്റ യന്ത്രം എന്നിവയ്ക്കായി കർഷകർക്ക് ധനസഹായം നൽകി വരുന്നുണ്ട്. |
| ബി) തെങ്ങു കയറ്റക്കാരുടെ കുറവ്, കൃഷി സ്ഥലങ്ങളുടെ ലഭ്യതയിലെ കുറവ്, നീരയുടെയും ഇളനീരിന്റെയും ആവശ്യകതയിലെ വർദ്ധനവ് മുതലായവ കണക്കിലെടുത്ത് കൃഷി രീതിയിലും തെങ്ങിനങ്ങളുടെ തെരഞ്ഞെടുപ്പിലും ആവശ്യമായ മാറ്റം വരുത്തി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) സ്വീകരിക്കുന്നതാണ്. കേര കൃഷിയിൽ തേങ്ങയിടുന്നതിനും മരുന്നുതളിക്കുന്നതിനും തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനുമായി "കേര സമൃദ്ധി" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിലൂടെ കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായ തെങ്ങുകളുടെ കൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതാണ്. തെങ്ങുകയറ്റ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനും തെങ്ങുകയറ്റ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകുന്നതിനും നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. |
| സി) നിലവിൽ തെങ്ങു കൃഷിക്ക് ഉപയുക്തമാക്കിയിട്ടുള്ള ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | സി) 2012-13 വർഷത്തിലെ തെങ്ങു കൃഷിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>(എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചത്)<br>1. തിരുവനന്തപുരം 70233 ഹെക്ടർ<br>2. കൊല്ലം 55120 ഹെക്ടർ<br>3. പത്തനംതിട്ട 15433 ഹെക്ടർ |

| | | |
|---|---|---|
| 4. | ആലപ്പുഴ | 36986 ഹെക്ടർ |
| 5. | കോട്ടയം | 27500 ഹെക്ടർ |
| 6. | ഇടുക്കി | 17265 ഹെക്ടർ |
| 7. | എറാണകുളം | 43751 ഹെക്ടർ |
| 8. | തൃശ്ശൂർ | 86476 ഹെക്ടർ |
| 9. | പാലക്കാട് | 62513 ഹെക്ടർ |
| 10. | മലപ്പുറം | 102417 ഹെക്ടർ |
| 11. | കോഴിക്കോട് | 124819 ഹെക്ടർ |
| 12. | വയനാട് | 9995 ഹെക്ടർ |
| 13. | കണ്ണൂർ | 86818 ഹെക്ടർ |
| 14. | കാസർഗോഡ് | 58836 ഹെക്ടർ |
| | ആകെ | 7,98,162 ഹെക്ടർ |

സെക്ഷൻ ഓഫീസർ